(സി) അതാതു ഡിസ്ട്രിക്റ്റിലെ കളക്റ്റർമാർ.

(ഡി) സാധാരണമായി ഓരോ താലൂക്കിലും കൃത്യസമയത്തു് പഞ്ചസാര ലഭിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകളാണു് ചെയ്തിട്ടുള്ളതു്. എന്നാൽ ചില സമയങ്ങളിൽ അകലെയുള്ള ഫാക്റ്ററികളിൽനിന്നു് പഞ്ചസാര കൊണ്ടുവരാൻ വേണ്ടത്ര റയിൽവേ വാഗണുകളും കിട്ടാതെവരുന്നതുകൊണ്ടു് താമസം വന്നുപോകുന്നുണ്ടു്.

കേരളത്തിലെ ഹോട്ടലുകൾ വ്യാപാരികളും

66. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യധാന്യങ്ങൾക്കായി കേരളത്തിൽ മൊത്തം എത്ര ഹോട്ടൽ വ്യാപാരികളുണ്ടു്;

(ബി) ഓരോ താലൂക്കിലും എത്ര പേർ; ആരെല്ലാം;

(സി) കൂടുതൽ ഹോട്ടലുകൾ കൂടി തുടങ്ങുവാൻ അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 210.

(ബി) * സ്റ്റേറ്റുമെന്റു് അനുബന്ധമായി ചേർത്തിരിക്കുന്നു

(സി) ഇതുസംബന്ധിച്ചു് വിവിധ ഡിസ്ട്രിക്റ്റുകളിൽ നിന്നും കിട്ടിയിട്ടുള്ള നിർദ്ദേശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുന്നു.

അരി വില

67. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1960-ൽ ഐക്യകക്ഷി ഗവണ്മെൻറധികാരത്തിൽ വന്നപ്പോൾ ഒരു പക്ക അരിക്കു് എത്ര വിലയായിരുന്നു;

(ബി) 1964 ജനുവരി 5-ാം തീയതി ഒരു പക്ക അരിക്കു് വില എന്താണു്?

ഉത്തരം

(എ) 1960-ൽ ഫെബ്രുവരി മാസത്തിൽ ഐക്യകക്ഷി ഗവണ്മെൻറു് അധികാരത്തിൽ വന്നപ്പോൾ പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് ശരാശരി 73 നയാപൈസ വില ഉണ്ടായിരുന്നു.

(ബി) 1964 ജനുവരി 5-ാംനു- പൊതുവിപണിയിൽ ഒരു പക്ക (ഇടങ്ങഴി) അരിക്കു് 83 നയാപൈസ വരെ വിലയുണ്ടായിരുന്നു.

സാധനങ്ങളുടെ വില

68. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴെ പറയുന്ന സാധനങ്ങൾക്കു് 1960 ഫെബ്രുവരി 1-ാംനു എന്തായിരുന്നു വില:

Appendix I

LIBRARY ARCHIVES Kerala Legislative Assembly